ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 08.10.2024**

## പ്രധാനവാർത്തകൾ

RNU TVPM

1.) ചലച്ചിത്ര മേഖലയിൽ സ്ത്രീ പങ്കാളിത്തം മെച്ചപ്പെടുത്തുന്നതിനുള്ള ശ്രമങ്ങൾ ഉണ്ടാകണമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. 70-ാമത് ദേശീയ ചലച്ചിത്ര പുരസ്കാരങ്ങൾ രാഷ്ട്രപതി ന്യൂഡൽഹിയിൽ വിതരണം ചെയ്തു.

2) നിയമസഭാ തിരഞ്ഞെടുപ്പ് നടന്ന ഹരിയാനയിൽ ബിജെപിയും, ജമ്മു കശ്മീരിൽ നാഷണൽ കോൺഫറൻസ്-കോൺഗ്രസ് സഖ്യവും അധികാരത്തിലേക്ക്.

3) എ ഡി ജി പി എം ആർ അജിത് കുമാറുമായി ബന്ധപ്പെട്ട വിവാദങ്ങളിൽ പ്രതിപക്ഷം കൊണ്ടു വന്ന അടിയന്തര പ്രമേയം നിയമസഭ ചർച്ച ചെയ്ത് തള്ളി.

4) കോഴിക്കോട് കാളിയാംപുഴ പാലത്തിന് സമീപം കെ എസ് ആർ ടി സി ബസ് മറിഞ്ഞ് രണ്ട് മരണം. നിരവധി യാത്രക്കാർക്ക് പരിക്കേറ്റു.

5) ഭൗതികശാസ്ത്രത്തിനുള്ള 2024-ലെ നോബൽ സമ്മാനം പ്രഖ്യാപിച്ചു. ജോൺ എച്ച്. ഹോപ്-ഫീൽഡും ജെഫ്രി ഇ ഹിൻറണും പുരസ്കാരം പങ്കിട്ടു.

&&&&&&&&&&&&&&&&&

<u>ചലച്ചിത്ര പുരസ്കാരം (ഇൻട്രോ)</u>

*70-ാമത് ദേശീയ ചലച്ചിത്ര പുരസ്കാരങ്ങൾ രാഷ്ട്രപതി ദ്രൗപദി മുർമു ന്യൂഡൽഹിയിൽ വിതരണം ചെയ്തു. സിനിമാ മേഖലയിൽ സ്ത്രീ പങ്കാളിത്തം മെച്ചപ്പെടുത്തുന്നതിനുള്ള ശ്രമങ്ങളും, സ്ത്രീ കേന്ദ്രീകൃത വികസനങ്ങളും ഉണ്ടാകണമെന്ന് രാഷ്ട്രപതി പറഞ്ഞു.*

*(വോയിസ്)*

*വിഖ്യാതനടൻ മിഥുൻ ചക്രവർത്തിക്ക് ചലച്ചിത്ര മേഖലയിലെ പരമോന്നത ബഹുമതിയായ ദാദാസാഹിബ് ഫാൽകെ പുരസ്കാരം സമ്മാനിച്ചു. മികച്ച നടനുള്ള പുരസ്കാരം ഋഷഭ് ഷെട്ടി ഏറ്റുവാങ്ങി. മികച്ച നടിക്കുള്ള പുരസ്കാരം നിത്യ മേനനും മാനസി പരേഖിനും സമ്മാനിച്ചു. മികച്ച ചിത്രത്തിനുള്ള പുരസ്കാരം മലയാള ചിത്രമായ ആട്ടത്തിന്റെ സംവിധായകൻ ആനന്ദ് ഏകർഷി ഏറ്റുവാങ്ങു. മികച്ച ബാലതാരത്തിനുള്ള പുരസ്കാരം മലയാളിയായ ശ്രീപതിന് സമ്മാനിച്ചു. കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ മന്ത്രി അശ്വനി വൈഷ്ണവ്, സഹമന്ത്രി എൽ മുരുഗൻ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.*

RNU TVPM

&&&&&&&&&&&&&&&&&&&&&

ഇലക്ഷൻ കൗണ്ടിംഗ്

നിയമസഭാ തിരഞ്ഞെടുപ്പ് നടന്ന ഹരിയാനയിൽ ബിജെപിയും, ജമ്മു കശ്മീരിൽ നാഷണൽ കോൺഫറൻസ്-കോൺഗ്രസ് സഖ്യവും അധികാരത്തിലേക്ക്. ഹരിയാനയിലെ 90 അംഗ നിയമസഭയിൽ 48 സീറ്റുകളിൽ വ്യക്തമായ മുന്നേറ്റം കാഴ്ചവച്ചാണ് ബിജെപി മൂന്നാം തവണയും അധികാരത്തിലെത്തുന്നത്. ജമ്മു കശ്മീരിലെ 90 അംഗ നിയമസഭയിൽ നാഷണൽ കോൺഫറൻസ്-കോൺഗ്രസ് സഖ്യം 48 സീറ്റുകളിലാണ് വിജയിച്ചത്.

ഹരിയാനയിൽ കോൺഗ്രസ് 37 സീറ്റുകളിൽ മുന്നിലാണ്. ഇന്ത്യൻ നാഷണൽ ലോക് ദൾ രണ്ട് സീറ്റിലും, സ്വതന്ത്ര സ്ഥാനാർത്ഥികൾ 3 സീറ്റുകളിലും വിജയിച്ചു. ജമ്മുകശ്മീരിൽ നാഷണൽ കോൺഗ്രസ് 42 സീറ്റിലും, ബിജെപി 29 ഇടത്തും, കോൺഗ്രസ് ആറ് സീറ്റുകളിലും വിജയിച്ചു.

ജമ്മു കശ്മീർ പി.ഡി.പി 3 സീറ്റുകളിലും, പീപ്പിൾസ് കോൺഫറൻസും സിപിഐഎമ്മും ആംആദ്മി പാർട്ടിയും ഒരോ സീറ്റിലും വിജയം നേടി. ഏഴ് സീറ്റുകളിൽ സ്വതന്ത്രസ്ഥാനാർത്ഥികളും വിജയിച്ചിട്ടുണ്ട്. ജമ്മുകശ്മീരിലെ 90 നിയമസഭാ മണ്ഡലങ്ങളിലും വോട്ടെണ്ണൽ പൂർത്തിയായി. ഹരിയാനയിൽ 81 സീറ്റുകളിലാണ് ഇതിനകം ഫലം പ്രഖ്യാപിച്ചത്.

&&&&&&&&&&&&&&&&&

<u>അടിയന്തര പ്രമേയം - പ്രതിപക്ഷ വാക്കൗട്ട്</u>

എ ഡി ജി പി, എം ആർ അജിത് കുമാറുമായി ബന്ധപ്പെട്ട വിവാദങ്ങളിൽ പ്രതിപക്ഷം കൊണ്ടു വന്ന അടിയന്തര പ്രമേയം നിയമസഭ ചർച്ച ചെയ്ത് തള്ളി. സർക്കാരിനെതിരെ അതിരൂക്ഷ വിമർശനമാണ് ചർച്ചയിൽ ഉടനീളം പ്രതിപക്ഷം ഉന്നയിച്ചത്. പ്രതിപക്ഷത്ത് നിന്നും എൻ ഷംസുദീനാണ് അടിയന്തര പ്രമേയ ചർച്ചകൾക്ക് തുടക്കം കുറിച്ചത്. എ ഡി ജി പി , ആർ എസ് എസ് നേതാവുമായി കൂടിക്കാഴ്ച നടത്തിയ സംഭവത്തിൽ 16 മാസത്തിന് ശേഷമാണ് അന്വേഷണത്തിന് സർക്കാർ തയ്യാറായതെന്ന് പ്രതിപക്ഷനേതാവ് വി.ഡി സതീശൻ പറഞ്ഞു. മുഖ്യമന്ത്രി ആരോഗ്യ കാരണങ്ങളാൽ വിശ്രമത്തിൽ ആയിരുന്നതിനാൽ മന്ത്രി എം.ബി. രാജേഷാണ് ചർച്ചകൾക്ക് സഭയിൽ മറുപടി നൽകിയത്. എ ഡി ജി പി ക്കെതിരെയുള്ള അന്വേഷണ റിപ്പോർട്ട് സർക്കാർ ഏറെ ഗൗരവത്തോടെയാണ് കാണുന്നതെന്ന് ശ്രീ എം ബി രാജേഷ് പറഞ്ഞു. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ സ്വീകരിക്കാനാവുന്ന ഏറ്റവും ഉചിതമായ നടപടിയാണ് കൈക്കൊണ്ടതെന്നും അദ്ദേഹം അറിയിച്ചു. മന്ത്രിയുടെ മറുപടിയെ തുടർന്ന് പ്രതിപക്ഷം നിയമസഭയിൽ നിന്ന് വാക്കൗട്ട് ചെയ്തു.

RNU TVPM

&&&&&&&&&&&&&&&&&

<u>വയനാട് - കെ രാജൻ-ഇൻട്രൊ)</u>

<u>*വയനാട് മേപ്പാടി ദുരന്തത്തിൽ സർവ്വവും നഷ്ടപ്പെട്ടവർക്കായി സമഗ്രമായ പുനരധിവാസ പാക്കേജാണ് സംസ്ഥാന സർക്കാർ നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് റവന്യു മന്ത്രി കെ രാജൻ. ഉരുൾപ്പൊട്ടലുമായി ബന്ധപ്പെട്ട് വയനാട്ടിൽ സ്വീകരിച്ച*</u>

*നടപടികളെക്കുറിച്ച് നിയമസഭയിൽ, മുഖ്യമന്ത്രിക്ക് വേണ്ടി ചട്ടം 300 പ്രകാരമുള്ള പ്രസ്താവന നടത്തുകയായിരുന്നു മന്ത്രി.*

*(ഹോൾഡ്)*

*ദുരന്തത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ട കുടുംബങ്ങളെ ഒന്നാം ഘട്ടമായും വാസയോഗ്യമല്ലാത്ത സ്ഥലങ്ങളിൽ താമസിക്കുന്നവരെ രണ്ടാം ഘട്ടമായും പുനധിവസിപ്പിക്കുമെന്നും പ്രസ്താവനയിൽ പറയുന്നു.*

**&&&&&&&&&&&&&&&&&**

പി എം. വ്യോമസേനാ ദിനം

ഇന്ന് വ്യോമസേനാ ദിനം. ഇന്ത്യൻ വ്യോമസേനയുടെ 92 ആം വാർഷിക ദിനത്തിൽ രാഷ്ട്രപതി ദ്രൗപദി മുർമു, പ്രധാനമന്ത്രി നരേന്ദ്രമോദി, രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിങ്ങ് ഉൾപ്പെടെയുള്ള പ്രമുഖ നേതാക്കൾ ആശംസകൾ നേർന്നു. ധീരതയുടെയും, ശൗര്യത്തിൻറെയും പ്രതീകമാണ് ഇന്ത്യൻ വ്യോമസേനയെന്നും, രാജ്യത്തെ കാത്തുസൂക്ഷിക്കുന്നതിൽ സേന സദാ ജാഗ്രത പുലർത്തുന്നതായും രാഷ്ട്രപതി ആശംസാ സന്ദേശത്തിൽ പറഞ്ഞു. വ്യോമസേനയുടെ ധൈര്യവും അർപ്പണബോധവും പ്രശംസനീയമാണെന്നും, രാജ്യസുരക്ഷയിൽ സേനയുടെ പങ്ക് ഏറെ വലുതാണെന്നും പ്രധാനമന്ത്രി സമൂഹ മാധ്യമത്തിൽ കുറിച്ചു. ലോകത്തിലെ ഏറ്റവും വിശിഷ്ടമായ വ്യോമസേനകളിലൊന്നായ ഇന്ത്യൻ വ്യോമസേന 1932 ഒക്ടോബർ 08-നാണ് സ്ഥാപിതമായത്.

RNU TVPM

**&&&&&&&&&&&&&&&&&**

ദക്ഷിണ വ്യോമസേന ആസ്ഥാനം

ഇന്ത്യൻ വ്യോമസേനയുടെ 92-ാം വാർഷികം തിരുവനന്തപുരത്തെ ദക്ഷിണ വ്യോമസേന ആസ്ഥാനത്ത് ആഘോഷിച്ചു. ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ ആഘോഷങ്ങളുടെ

ഭാഗമായി ഇന്ന് ദക്ഷിണ വ്യോമസേനാ ആസ്ഥാനം സന്ദർശിച്ചു. ദക്ഷിണ വ്യോമസേനാ മേധാവി എയർ മാർഷൽ ബി മണികണ്ഠൻ അദ്ദേഹത്തെ സ്വീകരിച്ചു. വ്യോമസേന ഉദ്യോഗസ്ഥരുമായി സംവദിച്ച ഗവർണർ, വയനാട് പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ നടത്തിയ ശ്രമങ്ങളെയും അഭിനന്ദിച്ചു.

**&&&&&&&&&&&&&&&&&**

<u>ബ്രേക്ക്</u>

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്.........

**&&&&&&&&&&&&&&&&&**

<u>കെ എസ് ആർ ടി സി ബസ് മറിഞ്ഞു</u>

കോഴിക്കോട് തിരുവമ്പാടി ആനക്കാംപൊയിൽ റോഡിൽ കാളിയാംപുഴ പാലത്തിന് സമീപം കെ എസ് ആർ ടി സി ബസ് താഴ്ചയിലേക്ക് മറിഞ്ഞ് രണ്ട് യാത്രക്കാർ മരിച്ചു. 25 ലേറെ പേർക്ക് അപകടത്തിൽ പരിക്കേറ്റിട്ടുണ്ട്. ആനക്കാംപൊയിൽ സ്വദേശികളായ ത്യേസ്യ, കമല എന്നിവരാണ് മരിച്ചത്. 3 പേരുടെ പരിക്ക് ഗുരുതരമാണ്. പരുക്കേറ്റവരെ കോഴിക്കോട് മെഡിക്കൽ കോളെജിലും വിവിധ സ്വകാര്യ ആശുപത്രികളിലും പ്രവേശിപ്പിച്ചു. ആനക്കാംപൊയിൽ നിന്നും തിരുവമ്പാടിയിലേക്ക് വരുന്ന ബസാണ് ഉച്ചയ്ക്ക് രണ്ട് മണിയോടെ അപകടത്തിൽപ്പെട്ടത്. 50-ഓളം യാത്രക്കാർ ബസിലുണ്ടായിരുന്നു. അപകടത്തെക്കുറിച്ച് പോലീസ് അന്വേഷണം ആരംഭിച്ചു,

**&&&&&&&&&&&&&&&&&**

<u>നോബൽ സമ്മാനം</u>

ഭൗതികശാസ്ത്രത്തിനുള്ള 2024-ലെ നോബൽ സമ്മാനം ജോൺ എച്ച്. ഹോപ്-ഫീൽഡും ജെഫ്രി ഇ ഹിൻറണും പങ്കിട്ടു. കൃത്രിമ ന്യൂറൽ നെറ്റ്‌വർക്കുകൾ ഉപയോഗിച്ച് മെഷീൻ ലേണിംഗ് പ്രാപ്തമാക്കുന്നതിലെ

RNU TVPM

അടിസ്ഥാന കണ്ടെത്തലുകൾക്കാണ് പുരസ്കാരം. റോയൽ സ്വീഡിഷ്

അക്കാദമിയാണ് പുരസ്കാരം പ്രഖ്യാപിച്ചത്.

&&&&&&&&&&&&&&&&&

## നിയമസഭ നടപടി

സ്പീക്കറുടെ ഡയസിലേക്ക് ബലപ്രയോഗത്തിലൂടെ കടന്നുകയറിയതിന് പ്രതിപക്ഷ എംഎൽഎ മാരായ മാത്യു കുഴൽനാടൻ, ഐ.സി ബാലകൃഷ്ണൻ, അൻവർ സാദത്ത്, സജീവ് ജോസഫ് എന്നിവരെ നിയമസഭ ഇന്ന് താക്കീത് ചെയ്തു. ഡയസിലേക്ക് ബലപ്രയോഗത്തിലൂടെ കടന്നുകയറി സഭാധ്യക്ഷന് നേർക്ക് പാഞ്ഞടുത്തത് സഭയുടെയും സഭാധ്യക്ഷന്റെയും പ്രത്യേക അവകാശങ്ങൾ ലംഘിക്കുന്നതാണെന്നും കണ്ടെത്തിയാണ് നടപടി. നാലുപേരുടെയും ഭാഗത്ത് നിന്ന് ഗുരുതരമായ അവകാശ ലംഘനം, പെരുമറ്റ ചട്ടലംഘനം, സഭയുടെ അന്തസ്സിന് നിരക്കാത്ത പെരുമാറ്റം എന്നിവയുണ്ടായതായി പ്രമേയം അവതരിപ്പിച്ച പാർലമെന്ററി കാര്യ മന്ത്രി എം.ബി രാജേഷ് ചൂണ്ടിക്കാട്ടി. വിഷയത്തിൽ ഏകപക്ഷീയമായ നടപടികളാണുണ്ടായതെന്ന് പ്രതിപക്ഷനേതാവ് വിഡി സതീശൻ പറഞ്ഞു..

RNU TVPM

&&&&&&&&&&&&&&&&&

## മന്ത്രി എ കെ ശശീന്ദ്രൻ

സംസ്ഥാനത്ത് മനുഷ്യ-വന്യജീവി സംഘർഷം ലഘുകരിക്കുന്നതിന് നൂതന സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുമെന്ന് മന്ത്രി എ കെ ശശീന്ദ്രൻ. വന്യജീവി വാരാഘോഷത്തിന്റെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. മനുഷ്യരോടൊപ്പം വന്യജീവികളുടെ സുരക്ഷിതത്വം ഉറപ്പാക്കേണ്ടതും നമ്മുടെ കടമയാണെന്ന് മന്ത്രി അഭിപ്രായപ്പെട്ടു. വാരാഘോഷത്തോട് അനുബന്ധിച്ച് നടത്തിയ വിവിധ മത്സരങ്ങളിലെ വിജയികൾക്കുള്ള പുരസ്കാരങ്ങളും അദ്ദേഹം വിതരണം ചെയ്തു.

&&&&&&&&&&&&&&&&&

**<u>കെ.സുരേന്ദ്രൻ</u>**

ഗവർണർ വിളിപ്പിച്ചിട്ടും ഡിജിപിയെയും ചീഫ് സെക്രട്ടറിയെയും രാജ്ഭവനിലേക്ക് മുഖ്യമന്ത്രി അയക്കാതിരുന്നത് ഭരണഘടനാ ലംഘനമാണെന്ന് ബിജെപി സംസ്ഥാന അധ്യക്ഷൻ കെ.സുരേന്ദ്രൻ. വിശദീകരണം നൽകാൻ തയ്യാറല്ല എന്ന നിലപാടാണ് ചീഫ് സെക്രട്ടറിയെ കൊണ്ടും ഡിജിപിയെ കൊണ്ടും സംസ്ഥാന സർക്കാര്

സ്വീകരിപ്പിക്കുന്നതെന്നും അദ്ദേഹം കൊച്ചിയിൽ വിമർശനം ഉന്നയിച്ചു .നിയമസഭയിൽ ഗൗരവതരമായ വിഷയങ്ങൾ ചർച്ച ചെയ്യാതെ നാടകം കളിക്കുകയാണ് ഭരണ-പ്രതിപക്ഷങ്ങൾ ചെയ്യുന്നതെന്നും ശ്രീ. കെ.സുരേന്ദ്രൻ കുറ്റപ്പെടുത്തി.

&&&&&&&&&&&&&&&&&

**<u>വാഗമൺ ചില്ല് പാലം വീണ്ടും തുറന്നു</u>**

വാഗമണ്ണിലെ കോലാഹലമേട്ടിൽ സ്ഥാപിച്ചിട്ടുള്ള ചില്ല് പാലത്തിൻറെ പ്രവർത്തനം ഇന്ന് മുതൽ പുനരാരംഭിച്ചു. ആദ്യദിനം അറുനൂറിലധികം സഞ്ചാരികളാണ് പാലത്തിൽ കയറാനെത്തിയത്. നാൽപത് അടി നീളത്തിലും നൂറ്റിയന്പത് അടി ഉയരത്തിലും കാന്റിലിവർ മാതൃകയിൽ നിർമിച്ച ഗ്ലാസ്സ് ബ്രിഡ്ജ് കാലാവസ്ഥ അനുകൂലമായ സാഹചര്യത്തിലാണ് വീണ്ടും തുറക്കുന്നത്. കഴിഞ്ഞ മഴക്കാലത്ത് സുരക്ഷയെ മുൻനിർത്തി പാലം അടച്ചിടാൻ വിനോദ സഞ്ചാര വകുപ്പ് തീരുമാനിക്കുകയായിരുന്നു. ഒരു സമയം 15 പേരെ മാത്രമേ ചില്ല് പാലത്തിൽ അനുവദിക്കുകയുള്ളൂ.

&&&&&&&&&&&&&&&&&

&&&&&&&&&&&

&&&

RNU TVPM